**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3162** **25-10-2021 - ൽ മറുപടിയ്ക്ക്**

**എസ്.സി.ഇ.ആർ.ടി.യെ ഗവേഷണ,പരിശീലന സ്ഥാപനമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **Shri V Sivankutty**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | എസ്.സി.ഇ.ആർ.ടി.യെ ഗവേഷണത്തിനും പരിശീലനത്തിനുമായുള്ള സ്വയംഭരണ സ്ഥാപനമായി മാറ്റുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ; | (എ) | വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഗവേഷണത്തിനും പരിശീലനത്തിനുമായുള്ള സ്വയംഭരണ സ്ഥാപനമാണ് എസ്.സി.ഇ.ആർ.ടി |
| (ബി) | പ്രസ്തുത നടപടികളുടെ ഭാഗമായി വിദ്യാഭ്യാസത്തിൽ ഗവേഷണപരിചയം ഉള്ളവരെ അന്യത്രസേവനത്തിൽ എസ്.സി.ഇ.ആർ.ടി.യിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | വിദ്യാഭ്യാസത്തിൽ ഗവേഷണ പരിചയമുള്ള അദ്ധ്യാപകരെ അന്യത്രസേവന വ്യവസ്ഥയിൽ എസ്.സി.ഇ.ആർ.ടിയിൽ റിസർച്ച് ഓഫീസർമാരായി നിയമിക്കുന്നുണ്ട്. |
| (സി) | ഭിന്നശേഷിയുള്ള കുട്ടികളുടെ സമഗ്രവികസനം സാധ്യമാക്കുന്നതിന് വേണ്ടി ആ മേഖലയിൽ ഗവേഷണം നടത്തിയ ആളുകളെ എസ്.സി.ഇ.ആർ.ടി.യുടെ ഭാഗമാക്കുന്നതിന് വകുപ്പ് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (സി) | ഭിന്നശേഷിയുള്ള കുട്ടികളുടെ സമഗ്രവികസനം സാധ്യമാക്കുന്നതിന് മുദ്രികാപാഠം, ശ്രുതിപാഠം, സമീക്ഷാ, ഗണിനിപ്രഭ തുടങ്ങിയ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സർക്കാർ മേഖലയിലെ അദ്ധ്യാപകരിൽ നിന്നും പ്രസ്തുത വിഷയത്തിൽ ഗവേഷണ പരിചയമുള്ളവരെ അന്യത്രസേവന വ്യവസ്ഥയിൽ എസ്.സി.ഇ.ആർ.ടിയിൽ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | എസ്.സി.ഇ.ആർ.ടി., ഡയറ്റ്, ബി.ആർ.സി., സി.ആർ.സി.കൾ എന്നിവയുടെ പ്രവർത്തനം സംയോജിപ്പിച്ച് സ്കൂൾ അദ്ധ്യാപകരുടെ പരിശീലനവും അക്കാദമിക മോണിറ്ററിങ്ങും മെച്ചപ്പെടുത്തുന്നതിന് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | സ്കൂൾ അദ്ധ്യാപകരുടെ പരിശീലനവും അക്കാദമിക മോണിറ്ററിങ്ങും മെച്ചപ്പെടുത്തുന്നതിന് എസ്.സി.ഇ.ആർ.ടി, ഡയറ്റ്, ബി.ആർ.സി, സി.ആർ.സി എന്നിവയുടെ യോജിച്ചുള്ള പ്രവർത്തന മാർഗരേഖ തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ